**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4406** **18-03-2025 - ൽ മറുപടിയ്ക്ക്**

**അസിസ്റ്റന്റ് എഞ്ചിനീയർ, സബ് എഞ്ചിനീയർ തസ്തികകളിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി.യുടെ ഇലക്ട്രിക്കൽ വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെയും സബ് എഞ്ചിനീയറുടെയും അംഗീകൃത തസ്തികകൾ എത്രയെണ്ണം ഉണ്ടെന്ന് ക്വാട്ട തിരിച്ച് വ്യക്തമാക്കാമോ; ഈ തസ്തികകളിലെ ഒഴിവുകളുടെ വിശദാംശം ക്വാട്ട തിരിച്ച് വ്യക്തമാക്കാമോ; | (എ) | കെ.എസ് .ഇ.ബി ലിമിറ്റഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇല.) വിഭാഗത്തിലെ അംഗീകൃത എണ്ണം 2340 (കേഡർ സ്ട്രെംഗ്ത് -2301), സബ് എഞ്ചിനീയർ (ഇല.) വിഭാഗത്തിലെ അംഗീകൃത എണ്ണം 3492 (കേഡർ സ്ട്രെംഗ്ത് -3357). പ്രസ്തുത തസ്തികകളിലെ കേഡർ സ്ട്രെംഗ്ത് പ്രകാരമാണ് ക്വാട്ട നിശ്ചയിച്ചിരിക്കുന്നത്. അസിസ്റ്റന്റ് എഞ്ചിനീയർ (ഇല.) വിഭാഗത്തിലെ 40 ശതമാനം നേരിട്ടുള്ള ക്വാട്ടയിൽ 303 പേരുടേയും 10 ശതമാനം ഇൻസർവ്വീസ് ക്വാട്ടയിൽ 100 പേരുടേയും കമ്പയിൻഡ് പ്രമോഷൻ ക്വാട്ട-(30+20 ശതമാനം) 11 പേരുടേയും ഒഴിവുകൾ നിലവിലുണ്ട്. സബ് എഞ്ചിനീയർ (ഇല.) വിഭാഗത്തിൽ 30 ശതമാനം നേരിട്ടുള്ള നിയമനം ക്വാട്ടയിൽ 219 ഒഴിവും 10 ശതമാനം ഇൻസർവ്വീസ് ക്വാട്ടയിൽ 132 ഒഴിവും 50 ശതമാനം പ്രമോഷൻ ക്വാട്ടയിൽ 1076 ഒഴിവുകളും നിലവിലുണ്ട്. എന്നാൽ 10 ശതമാനം മീറ്റർ റീഡർ ക്വാട്ടയിൽ നിലവിൽ 959 പേർ അധികമായി പ്രവർത്തിയെടുക്കുന്നു. |
| (ബി) | അവയിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം ക്വാട്ട തിരിച്ച് വ്യക്തമാക്കാമോ; പി.എസ്.സി.യ്ക്ക് നിലവിൽ റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | കെ.എസ്.ഇ.ബി ലിമിറ്റഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇല.) വിഭാഗത്തിലെ 40 ശതമാനം ക്വാട്ടയിലെ 227 ഒഴിവുകളും, 10 ശതമാനം ക്വാട്ടയിലെ 99 ഒഴിവുകളും , സബ് എഞ്ചിനീയർ (ഇല.) വിഭാഗത്തിലെ നേരിട്ടുള്ള നിയമനത്തിലെ 217 ഒഴിവുകൾ നേരത്തേ പി.എസ് .സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് . 16.01.2025-ൽ പി.എസ് .സി 213 പേരുടെ അഡ്വൈസ് പുറപ്പെടുവിക്കുകയും 04.03.2025-ൽ ഈ കാര്യാലയത്തിൽ നിന്നും നിയമന ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട് . സബ് എഞ്ചിനീയർ (ഇല.) വിഭാഗത്തിലെ 10 ശതമാനം ഇൻസർവ്വീസ് ക്വാട്ടയിൽ 131 ഒഴിവുകൾ കെ.പി.എസ് .സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ (ഇല.)-ൽ 40 ശതമാനം |

| | | | |
|---|---|---|---|
| | | | നേരിട്ടുള്ള നിയമന ക്വാട്ടയിൽ 76 ഒഴിവുകളും 10 ശതമാനം ഇൻസർവ്വീസ് ക്വാട്ടയിൽ ഒന്നും , കൂടാതെ സബ് എഞ്ചിനീയർ (ഇല.) തസ്തികയിലെ 30 ശതമാനം നേരിട്ടുള്ള നിയമനം ക്വാട്ടയിൽ രണ്ട് ഒഴിവുകളും 10 ശതമാനം ക്വാട്ടയിൽ ഒരു ഒഴിവും പി.എസ് .സി.ക്ക് റിപ്പോർട്ട് ചെയ്യാനുണ്ട്. |

സെക്ഷൻ ഓഫീസർ